**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3116** **11-03-2025 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം മണ്ഡലത്തിൽ നിർമ്മാണം നടന്നു വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം മണ്ഡലത്തിൽ നടന്നു വരുന്ന ആക്കുളം എൻ.സി.സി. ആസ്ഥാനം, മണ്ണന്തല എൻ.സി.സി. ആസ്ഥാനം, പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി., കഴക്കൂട്ടം ഗവൺമെൻറ് എച്ച്.എസ്.എസ്., മണ്ണന്തല ഗവൺമെൻറ് എച്ച്.എസ്.എസ്., സി.ഇ.റ്റി. ലാബ് കോംപ്ലക്സ്, സി.ഇ.റ്റി. ജിയോടെക് രണ്ടാം ഘട്ടം, സൈനിക് സ്കൂൾ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളും വിശദമാക്കാമോ? | (എ) | കഴക്കൂട്ടം മണ്ഡലത്തിൽ നടന്നു വരുന്ന ആക്കുളം എൻ.സി.സി. ആസ്ഥാനം, മണ്ണന്തല എൻ.സി.സി. ആസ്ഥാനം, പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി., കഴക്കൂട്ടം ഗവൺമെൻറ് എച്ച്.എസ്.എസ്., മണ്ണന്തല ഗവൺമെൻറ് എച്ച്.എസ്.എസ്., സി.ഇ.റ്റി. ലാബ് കോംപ്ലക്സ്, സി.ഇ.റ്റി. ജിയോടെക് രണ്ടാം ഘട്ടം, സൈനിക് സ്കൂൾ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പൂർത്തീകരണം സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി | പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ |
|---|---|---|
| കേരള നാവിക സേനാ എൻ.സി.സി ആക്കുളത്ത് സ്ത്രീകൾക്കും ആൺകുട്ടികൾക്കുമായുള്ള പരിശീലന കേന്ദ്രത്തിന്റെയും കേഡറ്റുകളുടെ താമസ ബ്ലോക്കുകളുടെയും നിർമ്മാണം. | നിലവിൽ പ്രവൃത്തിയുടെ **85%** നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. | ടി പ്രവൃത്തി **2025** മാർച്ചോടു കൂടി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. |
| തിരുവനന്തപുരത്ത് മണ്ണന്തലയിൽ എൻ.സി.സി യുടെ ഹെഡ് ക്വാർട്ടേഴ്സിന്റെയും ഗ്രൂപ്പ് ബറ്റാലിയൻ ഓഫീസിന്റെയും നിർമ്മാണം. | നിലവിൽ പ്രവൃത്തിയുടെ **80%** നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. | കരാർ പ്രകാരം പൂർത്തീകരണ കാലാവധി **08/07/2025** വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| കോളേജ് ഓഫ് എൻജിനീയറിംഗ്, **TVM**– ജിയോ ടെക്നിക്കൽ റീസെർച്ച് ആൻഡ് ടെസ്റ്റിംഗ് സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം രണ്ടാം ഘട്ടം | നിലവിൽ പ്രവൃത്തിയുടെ **90%** നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. | കരാർ പ്രകാരം പൂർത്തീകരണ കാലാവധി **07/04/2025** വരെയാണ്. |
| പാങ്ങപ്പാറ IFHC **പുതിയ കെട്ടിടത്തിന്റെ നിർമ്മാണം** | ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. | കരാർ പ്രകാരം പൂർത്തീകരണ കാലാവധി **19/01/2026** വരെയാണ്. |
| മണ്ണന്തല ഗവ. ഹൈസ്കൂളിന് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം | സാങ്കേതിക അനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | |
| സൈനിക് സ്കൂൾ കഴക്കൂട്ടം പുതുതായി നിർമ്മിച്ച പെൺകുട്ടികളുടെ ഡോർമെറ്ററിയുടെ സൗകര്യം മെച്ചപ്പെടുത്തൽ– കോമ്പൗണ്ട് ഭിത്തി, റോഡ് വർക്ക്, ഇന്റീരിയർ വർക്കുകൾ | പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. | **30/11/2024** ന് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| കോളേജ് ഓഫ് എൻജിനീയറിംഗ് ട്രിവാൻഡ്രം– ഇലക്ട്രിക്കൽ എൻജിനീയറിംഗ് വകുപ്പ് ലാബ് കോംപ്ലക്സിന്റെ നിർമ്മാണം | നിലവിൽ പ്രവൃത്തിയുടെ ഫൗണ്ടേഷൻ നിർമ്മാണത്തിന് മുന്നോടിയായിട്ടുള്ള Earth work Excavation പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. | കരാർ പ്രകാരം പൂർത്തീകരണ കാലാവധി **10/02/2026** വരെയാണ്. |
| കഴക്കൂട്ടം ഗവ. ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം | സാങ്കേതിക അനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | |